To
AMIS
[signature] 27/7/18

# ഫോറസ്ട്രി ഇൻഫർമേഷൻ ബ്യൂറോ

ഫോറസ്റ്റ് ഹെഡ്ക്വാർട്ടേഴ്സ്,വഴുതക്കാട്,
തിരുവനന്തപുരം

website: www.forest.keralagov.in, Email: fibnews@gmail.com, Ph. 0471- 2529145

## പത്രക്കുറിപ്പ്

തീയതി.27.07.2018

### അരണ്യം നീലക്കുറിഞ്ഞിപ്പതിപ്പ് പ്രകാശനം ചെയ്തു

വനം-വന്യജീവി വകുപ്പ് പ്രസിദ്ധീകരണമായ അരണ്യം മാസികയുടെ നീലക്കുറിഞ്ഞിപ്പതിപ്പ് വനം വകുപ്പ് മന്ത്രി അഡ്വ. കെ. രാജു പ്രകാശനം ചെയ്തു. മുഖ്യവനപാലകകനും വനം വകുപ്പ് മേധാവിയുമായ പി.കെ. കേശവൻ ആദ്യ പ്രതി ഏറ്റുവാങ്ങി. 12 വർഷത്തിലൊരിക്കൽ മൂന്നാർ മലനിരകളിലെത്താറുള്ള നീലക്കുറിഞ്ഞി വസന്തം വീണ്ടും സമാഗതമായതിന്റെ പശ്ചാത്തലത്തിലാണ് അരണ്യം ജൂലൈ ലക്കം നീലക്കുറിഞ്ഞിപ്പതിപ്പായി തയ്യാറാക്കിയിരിക്കുന്നത്. ത്രിമാന സവിശേഷതകളോടെയാണ് ഇതിന്റെ കവർ പേജ് ഒരുക്കിയിട്ടുള്ളത്. കുറിഞ്ഞിപ്പൂക്കളെ സംബന്ധിച്ച ശാസ്ത്രീയവും സമഗ്രവുമായ വിവരങ്ങൾ, കേരളത്തിൽ കണ്ടുവരുന്ന 46 ഇനം കുറിഞ്ഞിപ്പൂക്കളുടെ വിശദാംശങ്ങൾ തുടങ്ങിയവ ബഹുവർണ്ണ ചിത്രങ്ങൾ സഹിതം കുറിഞ്ഞിപ്പതിപ്പിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. വനം വകുപ്പിന്റെ വെബ് സൈറ്റായ www.forest.kerala.gov.in ലെ 'പബ്ലിക്കേഷൻ' എന്ന ലിങ്കിൽ കുറിഞ്ഞി പതിപ്പ് ലഭ്യമാണ്.

ലോകപരിസ്ഥിതി ദിനത്തോടനുബന്ധിച്ച് വനം വകുപ്പിന്റെ ആഭിമുഖ്യത്തിൽ സംസ്ഥാനത്തൊട്ടാകെ നടന്ന പരിപാടികളുടെ ചിത്രങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള 'ഹരിതം' ഫോട്ടോ ആൽബത്തിന്റെ പ്രകാശനവും വനം മന്ത്രി നിർവ്വഹിച്ചു. സാമൂഹിക വനവത്കരണ വിഭാഗം മേധാവി കെ.എ. മുഹമ്മദ് നൗഷാദ് ആദ്യ പ്രതി ഏറ്റുവാങ്ങി. വനം മന്ത്രിയുടെ ചേമ്പറിൽ നടന്ന ചടങ്ങിൽ ഫോറസ്റ്റ് മാനേജ്മെന്റ് വിഭാഗം എ.പി.സി.സി.എഫ്. എ.കെ. ധർണി, വനം വകുപ്പ് ഉദ്യോഗസ്ഥർ തുടങ്ങിവയർ സംബന്ധിച്ചു.

[signature]

പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോറസ്ട്രി ഇൻഫർമേഷൻ ബ്യൂറോ

FIBPR-12/18